# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1266 — 12.03.15 ൽ - മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>,, എം.പി. വിൻസെന്റ്<br>,, ഷാഫി പറമ്പിൽ<br>,, ലൂഡി ലൂയിസ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തൽ, മദ്ധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കൽ, റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം, പൊതുവിതരണ രംഗത്തെ കമ്പ്യൂട്ടർവൽക്കരണം എന്നീ പ്രക്രിയകൾ നടന്നുവരുന്നു. |
| (ബി) ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (ബി) സംസ്ഥാനത്തെ ബി.പി.എൽ. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് പുറത്തിറക്കിയിട്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അപേക്ഷാ ഫാറം കാർഡുടമൾക്ക് നൽകി വിവരം ശേഖരിച്ച് ഡാറ്റാ എൻട്രി നടത്തി റാങ്കിംഗിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടിയാണ് വിഭാവന ചെയ്തിട്ടുള്ളത്. |
| (സി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാനിടയുള്ള ദോഷങ്ങൾ ദൂരീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ; | (സി) ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം മുൻഗണനാ വിഭാഗത്തിനു മാത്രമാണ് റേഷൻ ഭക്ഷ്യധാന്യം ലഭിക്കുന്നത്. എന്നാൽ സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും റേഷൻ വിഹിതം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. വെൽഫെയർ, അന്നപൂർണ്ണ എന്നിവയ്ക്കായി പ്രത്യേക അലോട്ട്മെന്റ് നൽകുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 1472688 മെ.ടൺ ഭക്ഷ്യധാന്യമാണ് നൽകുന്നതെങ്കിലും കഴിഞ്ഞ മൂന്ന് കൊല്ലത്തെ ശരാശരി ആയ 16.20 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത നിയമം നടപ്പാക്കുമ്പോൾ ഇപ്പോൾ ബി.പി.എൽ. വിഭാഗത്തിൽ ഉള്ളവരെയും എ.പി.എൽ. വിഭാഗത്തിലെ അർഹതയുള്ളവരെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) താലൂക്ക് തലത്തിൽ റാങ്കിംഗ് നടത്തുമ്പോൾ ഏറ്റവും പിന്നോക്കം നിൽക്കുന്ന അർഹതയുള്ള എല്ലാവരേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ